# പതിനാലാം കേരള നിയമസഭ
# (നാലാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2875 10.03.2017-ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് ആറാട്ടുപുഴ പഞ്ചായത്തിൽ ഫിഷ് മീൽ പ്ലാന്റ്**

| ചോദ്യം<br>ശ്രീ.ഹൈബി ഈഡൻ | മറുപടി<br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) ഹരിപ്പാട് ആറാട്ടുപുഴ പഞ്ചായത്തിൽ സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി മത്സ്യഫെഡ് മുഖേന സ്ഥാപിച്ചിട്ടുള്ള ഫിഷ് മീൽ പ്ലാന്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്; | എ) പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഫിഷ് മീൽ പ്ലാന്റിന്റെ പ്രവർത്തികൾ ആരംഭിച്ച കഴിഞ്ഞശേഷം ഈ പ്രദേശത്ത സുനാമി പുനരധിവാസത്തിന്റെ ഭാഗമായി ജനങ്ങളെ പാർപ്പിക്കുകയും ഇവിടം ജനവാസ മേഖല ആകുകയും ചെയ്തു. അതോടെ ഫിഷ് മീൽ പ്ലാന്റിനുവേണ്ടി ആദ്യം വിഭാവനം ചെയ്തിരുന്ന മലിനീകരണ നിയന്ത്രണ സംവിധാനം പോരാതെ വന്നു. അതുകൊണ്ട് നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ഒരു എഫ്ലുവെന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് (ETP) സംവിധാനത്തിനായി കൗൺസിൽ ഓഫ് സൈന്റിഫിക് ആന്റ് ഇൻഡസ്ട്രിയൽ റിസർച്ച് (CSIR)ന് കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർഡിസിപ്ലിനറി സയൻസ് ആന്റ് ടെക്നോളജി (NIIST) യെ കൺസൾട്ടന്റായി നിയമിച്ച് അവരെക്കൊണ്ട് മികച്ച ഇ.റ്റി.പി സംവിധാനം രൂപ കല്പന ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത പ്ലാന്റ് സ്ഥാപിക്കുവാൻ ഇതിനകം എന്ത് തുക ചെലവഴിച്ചു; | ബി) നാളിതുവരെ 500.34 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| സി) പ്ലാന്റ് പ്രവർത്തന സജ്ജമാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | സി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള മലിനീകരണ നിയന്ത്രണ സംവിധാനം സ്ഥാപിച്ച് പ്ലാന്റ് പ്രവർത്തന സജ്ജമാക്കുവാനുള്ള നടപടി സ്വീകരിക്കാൻ കഴിയും. |

സെക്ഷൻ ആഫീസർ